**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (കൈ) നം. 167/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 15.06.2012

---

പരാമർശം:- 1. സ.ഉ. (അ) നം. 18/2011/തസ്വഭവ, തിയതി, 14.01.2011.

2. സ.ഉ. (അ) നം. 20/2011/തസ്വഭവ, തിയതി, 14.01.2011.

3. സ.ഉ. (സാധാ) നം. 2414/2011/തസ്വഭവ, തിയതി, 20.10.2011.

4. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 17.12.2011 ലെ IKM/LoBE & QA/Sanchaya/06/2007 നമ്പർ കത്ത്.

5. പഞ്ചായത്ത് ഡയറക്ടറുടെ 02.05.2012 ലെ സി.3-5472/2012 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 16.05.2012 ലെ ഡി.സി2-3904/2012 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ യഥാക്രമം പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങൾ പ്രകാരം വസ്തു നികുതി വസൂലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഡാറ്റാബേസ് തയ്യാറാക്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതിദായകരെ സംബന്ധിക്കുന്ന വിശദമായ വിവരങ്ങളും നികുതി ഒടുക്കുന്നതിന്റെ വിവരങ്ങളും **https://www.tax.lsgkerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നികുതി കുടിശ്ശികയില്ലായെങ്കിൽ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി നികുതിദായകർക്ക്

വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് അനുമതി നൽകണമെന്നും അപ്രകാരമുള്ള സർട്ടിഫിക്കറ്റുകളുടെ നിയമസാധുത അംഗീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (4) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ടി നിർദ്ദേശം അംഗീകരിക്കാവുന്നതാണെന്ന് പഞ്ചായത്തു ഡയറക്ടറും നഗരകാര്യ ഡയറക്ടറും യഥാക്രമം പരാമർശം (5), (6) കത്തുകളിലൂടെ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ് അധിഷ്ഠിത സേവനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത്തരത്തിൽ വെബിലൂടെ ലഭിക്കുന്ന അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിലുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ആധികാരിക രേഖയായിരിക്കുന്നതും ആയതിന് നിയമസാധുതയുണ്ടായിരിക്കുന്നതാണെന്നും അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഇപ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പ്രസ്തുത സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്ന ഓഫീസുകൾക്ക് വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പാക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Thiruvananthapuram Corporation**
Office:Main Office
Web: www.corporationoftrivandrum.in

Palayam
Thiruvananthapuram-695001
tvpmcorpn@gmail.com
Pn:0471-2320821 Fax:0471-2332083

File No: 4016701/136/2011 Date: 02/12/2011

## Ownership Certificate

Certified that the building bearing No. 6 in ward 4 is owned by ROSA as per the Assessment Register maintained in Thiruvananthapuram Corporation .

This Certificate is issued for producing before Village Office as per request.

This certificate is computer generated and does not require any Seal/Signature in original
Date Of Issue (IST) 2 Dec 2011 10:06AM
Data Last Updated On :21 Jan 2011 4:14PM
Certificate printed before the last updated date is invalid

*Authenticity of this receipt can be verified at http: www.tax.lsgkerala.gov.in.The File No is unique to each certificate*
*Software developed and supported by Information Kerala Mission(www.infokerala.org).*